15 -ാം കേരള നിയമസഭ

7 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 360 — 05-12-2022 - ൽ മറുപടിയ്ക്ക്

കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡ് മുഖാന്തിരം നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡ് മുഖാന്തിരം നടപ്പാക്കുന്ന മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അനുവദിച്ച കാലപരിധി എന്നുവരെയാണെന്ന് വിശദമാക്കാമോ; | (എ) | എ) കോൺട്രാക്ട് പ്രകാരം മട്ടാഞ്ചേരി ഹോസ്പിറ്റലിന്റെ പണികൾ പൂർത്തീകരിക്കാൻ അനുവദിച്ച സമയം 18 ആഗസ്റ്റ് 2020 ആണ്. |
| (ബി) | എഗ്രിമെന്റ് പ്രകാരമുള്ള സമയപരിധി കഴിഞ്ഞും സമയം ദീർഘിപ്പിച്ച നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകാമോ; | (ബി) | ഗവൺമെന്റ് ഏജൻസി ആയ ടിഡി എൽ സി സി എസ് (തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ -ഓപ്പറേറ്റീവ് സൊസൈറ്റി) ആണ് മട്ടാഞ്ചേരി ഹോസ്പിറ്റലിന്റെ പണികൾ ചെയ്യുന്നത്. കോവിഡ് പ്രതിസന്ധി മൂലം പദ്ധതിക്ക് സ്വാഭാവിക തടസ്സങ്ങൾ നേരിട്ടിരുന്നു. പുതിയ ബ്ലോക്ക് പണിയുന്നതിന് മട്ടാഞ്ചേരി ജയിൽ അധികൃതരുടെ ഭാഗത്തുനിന്ന് നിരാക്ഷേപപത്രം ലഭിച്ചാൽ മാത്രമേ പണി നടത്താൻ സാധിക്കുകയുള്ളൂ എന്നും ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ കൊച്ചി മുൻസിപ്പൽ കോർപ്പറേഷന്റെ ഭാഗത്ത് നിന്ന് 2021 ആഗസ്റ്റ് ആറാം തീയതി ഒരു കത്ത് ലഭിക്കുകയും അത് പ്രകാരം പണികൾ നിർത്തിവയ്ക്കുകയും ചെയ്തു. 2022 ജൂൺ 26 നാണ് ജയിൽ സൂപ്രണ്ടിന്റെ ഭാഗത്തുനിന്ന് നിരാക്ഷേപ സാക്ഷ്യപത്രം നൽകിക്കൊണ്ട് പ്രവർത്തന അനുമതി ലഭിച്ചത്. അനുമതി ലഭിച്ച ഉടനെ തന്നെ പണികൾ പുനരാരംഭിക്കുകയും ചെയ്തു. |
| (സി) | പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | മറ്റു തടസ്സങ്ങളൊന്നും തന്നെ ഇപ്പോൾ ഇല്ല. കൂടുതൽ തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് പണികൾ ദ്രുതഗതിയിൽ ആക്കാൻ ടി ഡി എൽ സി സി എസ് -ന് കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് | (ഡി) | 2023 ജനുവരി അവസാനത്തോടെ |

| | | | |
|---|---|---|---|
| | പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | | പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ